നമ്പർ എ4-283/2021 തിയ്യതി 18/12/2023

**ബഹു മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള നവകേരളസദസ്സ് മുമ്പാകെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് മൂന്നാം വാർഡിലെ ശ്രീമതി ഇന്ദിര പാലക്കൂൽകുനി എന്നവര് സമർപ്പിച്ച പരാതിയിൻമേല് ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന റിപ്പോർട്ട്.**

ചെറുവണ്ണൂര് ഗ്രാമപഞ്ചായത്ത് വാർഡ് 3ൽ ശ്രീ രാഘവൻ പാലക്കൂൽകുനിയില് എന്നവര് നിർമിക്കുന്ന 197ച.മീ വീടിന് 16/3/2013ന് ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തില് നിന്നും NOC നൽകിയിരുന്നു. ഭൂമിയുടെ തരം തോട്ടം എന്ന് രേഖപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാമത്തിലാണ് NOC അനുവദിച്ചത് ( ചെറുവണ്ണൂർ വില്ലേജ് കുട്ടോത്ത് ദേശം റീ.സ.നം 18/2ൽപ്പെട്ട 29.36സെന്റ് ഭൂമി) പ്രസ്തുത സ്ഥലം പേരാമ്പ്ര സബ് രജിസ്ട്രാർ ഓഫീസിലെ 1208//2014 നമ്പര് ആധാരപ്രകാരം ശ്രീ രാഘവൻ തന്റെ ഭാര്യയായ ശ്രീമതി ഇന്ദിര എന്നവരുടെ പേരിലേക്ക് ധനനിശ്ചയം ചെയ്ത് നൽകുകയുണ്ടായി . വീട് നിർമാണം പൂർത്തീകരിച്ച ശേഷം ശ്രീമതി ഇന്ദിരയാണ് 16/1/2021തിയ്യതിയിൽ കംപ്ലീഷന് പ്ലാന് സമർപ്പിച്ചത്. ഈ അപേക്ഷയോട് അനുബന്ധമായി സമർപ്പിച്ച കൈവശാവകാശ സർട്ടിഫിക്കറ്റില് ഭൂമിയുടെ തരം നഞ്ച എന്നാണ് രേഖപ്പെടുത്തിയത്.

രണ്ട് തവണയായി വ്യത്യസ്ത തരം രേഖപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തില് വില്ലേജ് ഓഫീസറോട് നിജസ്ഥിതി അന്വേഷിച്ചതിൽ തരം നഞ്ച തന്നെയാണ് എന്നും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എന്നും രേഖാമൂലം അറിയിക്കുകയുണ്ടായി . ഈ സാഹചര്യത്തിൽ 10 സെന്റില് കൂടുതല് ഭൂമിയും 120 ച.മീ യിൽ നിർമാണവും ഉള്ളതിനാല് ഭൂമി തരം മാറ്റിയാല് മാത്രമേ കെട്ടിടനമ്പര് അനുവദിക്കാൻ കഴിയുകയുള്ളൂ എന്ന അറിയിപ്പാണ് ടിയാൾക്ക് 21/4/2021ന് പഞ്ചായത്തില് നിന്നും നൽകിയതായി കാണുന്നത്.

ലഭ്യമായ പരാതിയുടെ അടിസ്ഥാനത്തില് ഓവർസീയറുടെ കൂടെ12/12/2023ന് സൈറ്റ് പരിശോധിക്കുകയുണ്ടായി . 50വർഷത്തിലധികം പഴക്കമുള്ള മരങ്ങൾ ഉൾപ്പെടെ സ്ഥിതി ചെയ്യുന്ന ചുറ്റുപാടും വീടുകളുള്ള

ഒരു പറമ്പിന്റെ മദ്ധ്യത്തിലാണ് വീട് നിലനിൽക്കുന്നത് . നേരത്തേ അവിടെ യുണ്ടായിരുന്ന വീട് പൊളിച്ചുമാറ്റിയാണ്പുതിയ വീട് പണിതത് എന്നും മനസ്സിലാകുന്നു.

നെൽവയല് തണ്ണീർത്തട സംരക്ഷണ നിയമത്തിന് 2018ലെ ഭേദഗതി വരുന്നതിന് മുമ്പായി 300ച.മീയിൽ താഴെയുള്ള ഡാറ്റാബാങ്കില് ഉൾപ്പെടാത്ത സ്ഥലത്ത് നടത്തുന്ന വീട് നിർമാണത്തിന് സെക്രട്ടറി, കൃഷി ഓഫീസര്, വില്ലേജ് ഓഫീസർ എന്നിവരുടെ സമിതി സ്ഥലപരിശോധന നടത്തി വെള്ളക്കെട്ടില്ലാത്ത പ്രദേശമാണ് എന്ന് ബോധ്യപ്പെട്ടാൽ അനുമതി നൽകുന്നരീതിയാണ് നിലനിന്നിരുന്നത്. NOCക്ക് അപേക്ഷിക്കുന്ന സമയത്ത് നഞ്ച എന്ന് രേഖപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റാണ് നൽകിയിരുന്നതെങ്കില് പോലും നിർമാണഅനുമതി നൽകുമായിരുന്നു എന്ന് സൈറ്റ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. രണ്ട് രീതിയിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകിയതിന് യാതൊരു വിധത്തിലും ഉത്തരവാദിയല്ലാത്ത സ്ഥലഉടമ ഇക്കാര്യത്തിൽ വർഷങ്ങളായി കെട്ടിടനമ്പര് ലഭിക്കാതെ പ്രയാസം അനുഭവിക്കുന്നുണ്ട് എന്ന വസ്തുത കണക്കിലെടുത്ത് പ്രസ്തുത അപേക്ഷകന് 3/316 എ എന്ന നമ്പര് അനുവദിച്ച് ഫയല് തീർപ്പാക്കിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു

സെക്രട്ടറി

ചെറുവണ്ണൂര് ഗ്രാമ പഞ്ചായത്ത്

സെക്രട്ടറി
ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്
ചെറുവണ്ണൂർ പി.ഒ. 673524
ഫോൺ - 0496 - 2775320